**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** **20-01-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ബനവലന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നിലവിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. കാരുണ്യ ബെനവലന്റ് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ലയിപ്പിച്ച് വിപുലീ കരിച്ചിട്ടുണ്ട്. മുൻപ് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ 365 പാക്കേജുകളിലായി 100 ൽ താഴെ സ്വകാര്യ ആശുപത്രികളിൽ നിന്നു മാത്രമാണ് ചികിത്സ ലഭ്യമായിരുന്നത്. എന്നാൽ കാസ്പ് ലേക്ക് കെ ബി എഫ് ലയിപ്പിച്ചപ്പോൾ 186 സർക്കാർ ആശുപത്രികളിൽ നിന്നും 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽ നിന്നും 370 സ്വകാര്യ ആശുപത്രികളിൽ നിന്നും 1667 പാക്കേജുകളിലായി നിലവിൽ സൗജന്യ ചികിത്സ ലഭ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സമാനമായ മറ്റ് ചികിൽസ സഹായ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവയാണ്. ഇതിനുപുറമെ ആരോഗ്യ കിരണം, ആശാധാര, സുകൃതം, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്നീ പദ്ധതികളും ആരോഗ്യ വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ